**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**25 May 2018 (09 Ramadan 1439 AH)**

## “THE WISDOM & LESSONS OF FASTING

## വ്രതാനുഷ്ഠാനത്തിന്റെ യുക്തിയും, പാഠങ്ങളും

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം വ്രതാനുഷ്ഠാനത്തിന്റെ യുക്തിയും, പാഠങ്ങളും എന്ന വിഷയത്തെ ആസ്പ ദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുക യുണ്ടായി.

“ഈ അനുഗ്രഹീത റമദാൻ മാസത്തിൽ നിന്ന്, നാം ആർജ്ജിക്കേണ്ട യുക്തിയും, പാഠങ്ങളും നാം മനസ്സിലാക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യം തന്നെ യാണ്. അപ്രകാരം നാം കാര്യങ്ങൾ മനസ്സിലാക്കിയാൽ റമദാന് ശേഷവും ഇതിലെ അനുഗ്രഹങ്ങൾ നമ്മെ പിന്തുടരുന്നതാണ്. എല്ലാ നിലയിലും ശേഷവും ഇതിലെ അനുഗ്രഹങ്ങൾ നമ്മെ പിന്തുടരുന്നതാണ്, എല്ലാ നിലയിലും. വളരെ വലിയ യുക്തിയും പാഠങ്ങളും ഇതിൽ അടങ്ങികിടപ്പുണ്ട്. എന്നാൽ ദൗർഭാഗ്യവശാൽ വളരെയധികം മുസ്ലിംകളും ഈ മാസത്തിന് അർഹിക്കുന്ന പ്രാധാന്യം നല്കുന്നി ല്ല, ഈ മാസം അർഹിക്കുന്ന പരിഗണന നാം അതിനു നല്കുന്നുമില്ല. ഈ മാസം നമുക്ക് അനുഗ്രഹപ്രദമാണെങ്കിലും, അത് ശാരീരികമാകട്ടെ, ധാർമ്മികമാകട്ടെ, ആത്മീയമാകട്ടെ അഥവാ ഭൗതികമാകട്ടെ ! അതിനെ വേണ്ട രീതിയിൽ നാം ഗൗനി ക്കുന്നില്ല്. ഒരു പ്രവാചകവചനം ഈ അവസരത്തിലോർക്കുകയാണ്. നിങ്ങളുടെ വ്രതാനുഷ്ഠാന ദിനവും, വ്രതമനുഷ്ഠിക്കാത്ത ദിനവും ഒരു പോലെയായിരിക്കണം.

(ഒരു പ്രയോജനവും നല്കാത്ത ഒരു സാധാരണ പ്രവർത്തിയാകരുത് എന്ന് സാരം)

ഇതു കൊണ്ർത്ഥമാക്കുന്നത്, നിങ്ങളുടെ സ്വഭാവം, നിലപാട്, പ്രകടനം നിങ്ങൾ വ്രതാനുഷ്ഠിക്കുമ്പോഴും അനുഷ്ഠിക്കാത്തപ്പോഴും ഒരു പോലെ ആയിരിക്കണം, വ്രതനാനുഷ്ഠാനം നടത്താത്ത ദിവസങ്ങളിൽ നിങ്ങൾ ചെയ്തു കൊണ്ടിരിക്കുന്ന ദുഷ്ചെയ്തികൾ അതായത് റ്റി.വി. കാണുക, പിന്നിൽ നിന്നു കുത്തുക, ചാരപ്രവർത്തി നടത്തുക, ശണ്ഠകൂടുക, കള്ളസത്യം ചെയ്യുക. അമിതമായി സംസാരിക്കുക, കൃത്യസമയത്ത് നമസ്ക്കരിക്കാതിരിക്കുക, ഖുർആൻ വായിക്കാതിരിക്കുക, ദൈവസ്മരണയിൽ കഴിയാതിരിക്കുക, കംമ്പ്യൂട്ടർ ഗയിമിൽ ഏർപ്പെടുക തുടങ്ങിയ പ്രവർത്തികൾ നിർത്തുക. അതെ, റമദാൻ മാസം, ഇവയിൽ നിന്നെല്ലാം നിങ്ങളെ മോചിപ്പിക്കട്ടെ ! പകരം നല്ല പ്രവർത്തനങ്ങൾ തൽസ്ഥാനം ഏറ്റെടുക്കട്ടെ, അതിലൂടെ അല്ലാഹുവിൽ നിങ്ങൾ സംപ്രീതരായിതീരുക, നിങ്ങൾ ഓർക്കുക ! നിങ്ങൾ ഖുർആൻ പാരായണം ചെയ്യുന്നതിലൂടെ, മറ്റു സുന്നത്തായ പ്രാർത്ഥനകൾ നടത്തുന്നതിലൂടെ, സാധുക്കളുടെ മേൽ അവന്റെ സഹായ ഹസ്തം നീട്ടുന്നതിലൂടെ, അവൻ നിങ്ങളിൽ സംപ്രീതനാകുന്നു. ആയതിനാൽ നിങ്ങളുടെ നാവുകളെ നിങ്ങൾ സൂക്ഷിക്കുക, വിഡ്ഢിത്വം പുലമ്പാതിരിക്കുക, കള്ളം പറയാതിരിക്കുക, മറിച്ചാണെങ്കിൽ നിങ്ങളുടെ വ്രതാനുഷ്ഠാനം അല്ലാഹു (ത) സ്വീകരിക്കുകയില്ല.

വിശുദ്ധഖുർആനിൽ അല്ലാഹു (ത) പറയുന്നു മനുഷ്യർക്ക് മാർഗദർശനവും, സന്മാർഗത്തെക്കുറിച്ച് വ്യക്തമായ തെളിവുകളും നന്മതിന്മകളെ വേർതിരിക്കുന്നതുമായി ഖുർആൻ അവതരിപ്പിക്കപ്പെട്ട റമദാൻ മാസം. അതുകൊണ്ട് നിങ്ങളിൽ നിന്ന് ആ മാസത്തിൽ സന്നിഹിതരാകുന്നവർ അതിൽ വ്രതമനുഷ്ഠിച്ചു കൊള്ളട്ടെ (2 : 186)

അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു ഇസ്ലാം പടുത്തയിർയിരിക്കുന്നത് 5 സ്തംഭങ്ങളിലാണ് ആരാധനയ്ക്കർഹൻ അല്ലാഹു വല്ലാതെ മറ്റാരുമില്ല, മുഹമ്മദ് (സ) ദൈവദൂതനാണെന്ന് സാക്ഷ്യം വഹിക്കട്ടെ ! നമസ്ക്കരിക്കട്ടെ ! സക്കാത്ത് കൊടുക്കട്ടെ, ഹജ്ജ് കർമ്മം അനുഷ്ഠിക്കട്ടെ! റമദാനിൽ വ്രതമനുഷ്ഠിക്കട്ടെ(ബു

ഖാരി, മുസ്ലിം) റസൂൽ (സ)പറയുന്നു. റമദാൻ മാസം ഇതാ സമാഗതമായിരിക്കു ന്നു. പ്രസ്തുത മാസത്തിൽ വ്രതമനുഷ്ഠിക്കുവാൻ അല്ലാഹു (ത) നിങ്ങളിൽ നിർബ ന്ധമാക്കിയ അനുഗ്രഹതീതമായ മാസമാണത്. പ്രസ്തുത മാസത്തിൽ സ്വർഗ്ഗകവാ ടങ്ങൾ തുറന്നു കിടക്കും. നരകത്തിന്റെ വാതിൽ അടഞ്ഞുകിടക്കും. പിശാചുക്കളെ ചങ്ങലകളാൽ ബന്ധിതരാക്കപ്പെടും. ആയിരം മാസത്തെക്കാൾ ശ്രേഷ്ഠമായ ഒരു രാത്രി ഇതിലുണ്ട് ഇതിലെ നന്മയിൽ നിന്നും ആട്ടി ഓടിക്കപ്പെട്ടവൻ, യഥാർത്ഥ ത്തിൽ ആട്ടി ഓടിക്കപ്പെട്ടവൻ തന്നെയാണ് (അന്നസായീ)

വ്രതാനുഷ്ഠാനം തഖ്വ ആർജ്ജിക്കുവാൻ നമ്മെ സഹായിക്കുന്നു. വിശു ദ്ധഖുർആനിൽ അല്ലാഹു (ത) പറയുന്നു. അല്ലയോ വിശ്വാസികളെ, നിങ്ങൾക്ക് മുമ്പുള്ളവർക്ക് വ്രതാനുഷ്ഠാനം നിർബന്ധമാക്കിയതുപോലെ നിങ്ങൾക്കും അത് നിർബന്ധമാക്കിയിരിക്കുന്നു. നിങ്ങൾ സൂക്ഷ്മതയുള്ളവരായി തീരുവാൻ വേണ്ടി നിർബന്ധമാക്കിയിരിക്കുന്നു (2 : 184)

ഫിത്ന പ്രത്യക്ഷമാകുമ്പോൾ, തഖ്വാകൊണ്ട് അതിനെ ഇല്ലായ്മ ചെയ്യു ക. തഖ്വ എന്താണ്? അല്ലാഹുവിനെ അനുസരിക്കലാണത്. അല്ലാഹുവിനെ ഭയന്നു കൊണ്ടായിരിക്കണമത്!അല്ലാഹുവിനോടുള്ള തഖ്വ എന്നതിന്റെ ഏറ്റവും നല്ല നിർവ ചനം ഇതാകുന്നു.

ഓരോ പ്രവർത്തിക്കു ഒരു ആരംഭംമുണ്ടായിരിക്കും; ഒരു ലക്ഷ്യവുമു ണ്ടായിരിക്കും. ഒരു പ്രവർത്തി സംശുദ്ധമായ വിശ്വാസത്തോടെയും, അല്ലാഹുവിനെ ഭരമേല്പിച്ചു കൊണ്ടുമല്ല അത് തുടങ്ങുന്നതെങ്കിൽ, അത്തരം പ്രവർത്തിയെ ഒരു അനുസരണ പ്രവർത്തിയായി കണക്കാക്കുകയില്ല. നമ്മുടെ ഇഛകളും നമ്മുടെ സ്വഭാവങ്ങളുമായിരിക്കരുത് നമ്മുടെ പ്രവർത്തിയെ നയിക്കേണ്ടത്. അഥവാ പ്രശം സയോ, പുകഴ്ത്തലോ ആയിരിക്കരുത് നയിക്കേണ്ടത്. മറിച്ച് നമ്മുടെ പ്രവർത്തിയെ നയിക്കേണ്ടത് നമ്മുടെ അല്ലാഹുവിന്റെ സംതൃപ്തിയിലായിരിക്ക ണം. അതിലൂടെ അവനിൽ നിന്നുള്ള പ്രതിഫലം ലഭിക്കണം. വ്രതാനുഷ്ഠാനം തഖ്വ നേടുന്നതിനു വേണ്ടിയാണ്. കാരണം ഇത് പാപം ചെയ്യുന്നതിൽ നിന്നും നമ്മെ തടയുന്നു. നാം അറിവില്ലാത്തവരായിരിക്കേ നാം പാപങ്ങൾ ചെയ്തുപോയി. അതു

കൊണ്ടാണ് റസൂൽ (സ) പറഞ്ഞത്. വ്രതാനുഷ്ഠാനം ഒരു പരിചയാണ്. അത് ഒരു ദാസനെ നരകാഗ്നിയിൽ നിന്നും പ്രസ്തുത പരിച അവനെ സ്വയം രക്ഷിക്കുന്നു (അഹ്മദ്)

ഓരോ ദിവസത്തെയും വ്രതാനുഷ്ഠാനാ ശേഷം നാം നമ്മോടുതന്നെ ചോദിക്കണം. ഇന്നത്തെ വ്രതാനുഷ്ഠാനത്തിലൂടെ എനിക്ക് അല്ലാഹുവിനോട് കൂടുതൽ ഭയം ഉണ്ടായോ? അവനെ കൂടുതലായി അനുസരിക്കുന്നവനായി തീർന്നുവോ? പാപത്തിൽ നിന്നും അകലം പ്രാപിക്കുവാൻ കഴിഞ്ഞുവോ? അനുസരണക്കേടിൽ നിന്നും രക്ഷപ്പെടുവാൻ കഴിഞ്ഞുവോ?

ഈ അനുഗ്രഹിത റമദാൻ മാസത്തിൽ, നമുക്ക് അല്ലാഹുവിന്റെ സാമീപ്യം അന്വേഷിക്കാം. അല്ലാഹുവിനോട് കൂടുതൽ അടുക്കാം. നിർബന്ധമായ കടമകൾ നിർവ്വഹിക്കുന്നതിലൂടെ നമുക്ക് അല്ലാഹുവിലേക്ക് എത്തിച്ചേരാം. ഖുർആൻപാരായണത്തിലൂടെയും, അതിന്റെ അർത്ഥത്തെക്കുറിച്ച് ചിന്തിച്ചും, നമ്മുടെ നന്മകൾ വർദ്ധിപ്പിക്കാം. കൂടുതൽ ഔദാര്യപൂർവ്വം ദാനധർമ്മങ്ങൾ ചെയ്യാം. അല്ലാഹുവിനോട് കൂടുതലായി ദുആ ചെയ്തുകൊണ്ടിരിക്കാം. ഇബാദത്ത് ചെയ്യുന്നതിൽ നമുക്ക് കൂടുതൽ സമയം കണ്ടെത്താം. മറ്റു മാസങ്ങളെ അപേക്ഷിച്ച്! കാരണം അല്ലാഹു (ത) ഈ മാസത്തിന് കൂടുതൽ മുൻഗണന നല്കിയിട്ടുണ്ട് ! കൂടുതൽ അനുഗ്രഹങ്ങളും പ്രതിഫലങ്ങളും വാഗ്ദാനം ചെയ്തിട്ടുണ്ട്. ലൈലത്തുൽ ഖദ്ർ ദിനത്തിൽ 100 മാസത്തേക്കാൾ പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുന്നു. ആയതിനാൽ ആത്മീയ കൂട്ടായ്മയിലേക്ക് ചെന്നുചേരുക, കൂടുതലായി പരിശ്രമിക്കുക. നിങ്ങളുടെ ഹൃദയങ്ങളിൽ അല്ലാഹുവിന്റെ സാമീപ്യം കൂടുതലായി ഉണ്ടാകട്ടെ! അവന്റെ മാപ്പ് ലഭിക്കുവാൻ കഴിയട്ടെ ! അവന്റെ കാരുണ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കട്ടെ !

ഈ അനുഗ്രഹീത മാസത്തിൽ അല്ലാഹുമായുള്ള കൂടുതൽ അടുപ്പത്തിനുള്ള മറ്റൊരു വഴിയാണ് ഇഅ്ത്തിക്കാഫ്. അല്ലാഹു (ത) ഇഅ്ത്തിക്കാഫ് നമുക്കായി നിശ്ചയിച്ചിരിക്കുന്നു. അല്ലാഹുവിനെകുറിച്ചുള്ള ചിന്ത നമ്മുടെ ഹൃദ

യങ്ങളിൽ നിറഞ്ഞുനില്ക്കുന്നതിനായി അവനെ മാത്രം നാം ലക്ഷ്യം വെയ്ക്കുക. അവന്റെ സൃഷ്ടികളിലായിരിക്കരുത് നമ്മുടെ നോട്ടം. ഹൃദയത്തിൽ അല്ലാഹു(ത) മാത്രമായിരിക്കണം അധികാരിയായിരിക്കേണ്ടത്. അല്ലാഹുവിനോടുള്ള സ്നേഹ ത്താൽ ഹൃദയം നിറഞ്ഞു തുളുമ്പണം. നാം അവനെ ഓർക്കുക, അവനിലേക്ക് തിരി യുക. അതിലൂടെ നമ്മുടെ ഹൃദയങ്ങളിലുള്ള ഭയവും, വേദനയും നീങ്ങിപോകുന്ന താണ്. പ്രസ്തുത സ്ഥാനത്ത് അല്ലാഹു (ത) വസിക്കുന്നതാണ്. നമ്മുടെ എല്ലാ ചിന്ത കളും അല്ലാഹുവിനെപ്പറ്റി മാത്രമായിരിക്കട്ടെ! അവന്റെ ചിന്തായാൽ ഹൃദയങ്ങൾ നിറയട്ടെ! അവനുമായി നമുക്ക് എങ്ങനെ കൂടുതൽ അടുക്കാം അതായിരിക്കട്ടെ നമ്മുടെ ചിന്തകൾ! നാം ഏറ്റവും കൂടുതൽ സ്നേഹിക്കുന്ന ജീവി അവൻ മാത്രമാ കട്ടെ! മറ്റെന്തിനേക്കാളും ഉപരിയായി!

വ്രതാനുഷ്ഠാനം ക്ഷമകരസ്ഥമാക്കുവാൻ നമ്മെ സഹായിക്കുന്നു. വിശു ദ്ധഖുർആനിൽ 100ഓളം സ്ഥലത്ത് ക്ഷമയെകുറിച്ച് പറഞ്ഞിരിക്കുന്നു. റമദാൻ മാസം ക്ഷമയുടെ മാസമാകുന്നു. വ്രതാനുഷ്ഠാനം ക്ഷമയുടെ പര്യായമാകുന്നു. കാരണം ഇത് നമ്മെ തിന്നുന്നതിൽ നിന്നും കുടിക്കുന്നതിൽ നിന്നും, ലൈംഗികാ സ്വാദനത്തിൽ നിന്നും തടഞ്ഞുനിർത്തുന്നു. വ്രതാനുഷ്ഠാനം ഒരുവനെ സ്വയം നിയ ന്ത്രണവിധേയനാക്കുന്നു. അതിലൂടെ ക്ഷമ നേടുവാനും കഴിയുന്നു. ക്ഷമയുടെ ബല ത്താൽ നമുക്ക് അല്ലാഹുവിനെ ആത്മാർത്ഥമായി ആരാധിക്കുവാൻ കഴിയുന്നു. അതുപോലെ ജീവിതത്തിന് നിയന്ത്രണവും ഉണ്ടാകുന്നു. ക്ഷമയുടെ സഹായ ത്താൽ കോപത്തെ നിയന്ത്രിക്കുവാൻ കഴിയുന്നു. ആയതിനാൽ വ്രതാനുഷ്ഠാനം നഷ്ടമാകാതെ കാത്തുസൂക്ഷിക്കുവാനും സാധിക്കുന്നു. ക്ഷമയില്ലെങ്കിൽ വ്രതാ നുഷ്ഠാനം നഷ്ടത്തിലാകുന്നതാണ്. ആരെങ്കിലും നമ്മെ കോപിഷ്ടനാക്കുവാൻ ശ്രമിച്ചാൽ, നാം ക്ഷമകൈക്കൊള്ളേണ്ടതാണ്. ക്ഷമയിലൂടെ നമുക്ക് നല്ല പ്രതിഫലം നേടുവാൻ സാധിക്കുന്നതാണ്. ഇൻശാ അല്ലാഹ്!

ഈ മാസത്തിൽ അനുസരണത്തിന്റെ ഉദാത്തമായ മാതൃക സൃഷ്ടിക്കണം. ക്ഷമയുടെ ആയുധങ്ങൾ നാമണിയണം. റസൂൽ (സ) യുടെ വചനത്ത അന്വർത്ഥമാ ക്കിത്തീർക്കണം. റസൂൽ (സ) പറഞ്ഞു. ക്ഷമയിലാണ് വിജയം കുടികൊള്ളുന്നത്.

വേദനയിൽ നിന്ന് ആശ്വാസം ലഭിക്കുന്നു. പ്രയാസങ്ങളിൽ നിന്ന് മോചനമുണ്ടാകുന്നു (അഹ്മദ്)

ആയതിനാൽ, ക്ഷമയുടെ മേലങ്കിയണിഞ്ഞ്, ആത്മാവിനെ പവിത്രീകരിക്കുക. സക്കാത്ത് ഇനത്തിൽ കുറെ ധനം നല്കുക. ക്ഷമയുടെ കരുത്തിൽ ആത്മരോഗങ്ങളെ പ്രതിരോധിക്കാം. ക്ഷമയില്ലെങ്കിൽ ഇഹലോകാഡംബരങ്ങളിൽ നാം ആകർഷിക്കപ്പെട്ടു പോകും. ഈ അനുഗ്രഹീത മാസത്തിൽ നാം മുൻപ് തെറ്റുകൾ ചെയ്തുപോയിട്ടുണ്ടെങ്കിൽ അവൻ നമുക്ക് മാപ്പുചെയ്യട്ടെ! അതിനായി അവൻ നമ്മെ സഹായിക്കട്ടെ! ആമീൻ

## പ്രഖ്യാപനവും മുന്നറിയിപ്പും!

2018മെയ് 10 മുതൽ മയോട്ടിയിൽ ഒന്നിനു പുറകെ മറ്റൊന്നായി ഭൂമികുലക്കം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഒരു ദിവസം തന്നെ അനേകം പ്രാവശ്യം! 2018 മെയ്യ് 15ന് റിച്ചർസ്കെയിലിൽ 5.8 രേഖപ്പെടുത്തി. ഇത് 2018 മെയ് 24വരെ തുടർന്നു. ഈ പ്രതിഭാസം തുടർന്നുകൊണ്ടിരിക്കുകയാണെന്ന് ഖലീഫത്തുല്ലാഹ് തുടർന്നു പറഞ്ഞു. ഭൂമികുലുക്കം മൂലം അതിന്റെ പ്രതിഫലനം എന്ന നിലയിൽ പലസ്ഥലത്തും ചലനങ്ങളുണ്ടായിട്ടുണ്ട്!

മൗറിഷ്യസിലെയും, മയോട്ടിലെയും അഹ്മദിയ്യാ മുസ്ലിം സമൂഹത്തിന്റെ കാര്യം വളരെ പരിതാപകരമാണ്. അവർ MTA യിലൂടെ പ്രചരിപ്പിക്കുന്നത് മഹോറൈസിന്റെ മതപരിവർത്തനത്തിലൂടെയാണ് മയോട്ടിയിൽ അഹ്മദിയ്യത്ത് ആരംഭിച്ചതെന്ന് ! മയോട്ടിയിലെ ഒരു അഹ്മദിയ്യാ മിഷണറി തന്റെ ആളുകളുടെ കാര്യം നോക്കാതെ മയോട്ടിയിലെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാംമിൽ കുഴപ്പം സൃഷ്ടിക്കുവാനുള്ള ശ്രമത്തിലേർപ്പിട്ടിരിക്കുകയാണ്.

1997ൽ മയോട്ടിയിൽ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിച്ച എന്റെ പ്രയതന്ങ്ങളെ അവർ അംഗീകരിക്കുന്നില്ല. അവർ അവരുടെതല്ലാത്ത ഒരു വസ്തുവിൽ അധികാരം സ്ഥാപിക്കുകയാണ്. 20 വർഷം പ്രായമുള്ള ഒരു വസ്തുവിനെയാണ്

അവർ നോക്കുന്നത്. എന്നിട്ട് അവർ പറയുന്നു 2015 ലാണ് മയോട്ടിയിൽ അഹ്മദിയ്യത്ത് സ്ഥാപിച്ചതെന്ന്! എന്നാൽ അവരുടെ ഒരു റിപ്പോർട്ടിൽ പറയുന്നു 20 വർഷം മുമ്പ് അഹ്മിദിയ്യത്ത് സ്വീകരിച്ച ഒരു അഹ്മദി കുടുംബത്തെ അവർ സന്ദർശിച്ചു എന്ന്! എന്നാൽ ഈ കുടുംബം അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിനായി ആരാണ് കഠിനയത്നം ചെയ്തത്? അവർക്കെങ്ങനെയാണ് അഹ്മദിയ്യത്ത് ലഭിച്ചത്? എന്തൊരു കള്ളമാണ് അവൾ തട്ടിവിടുന്നത്!

ഇപ്പോഴത്തെ ആമീർ മൂസാതാജുവും, മുൻ അമീർ അമീനിജൊവാഹിറും അവരുടെ ഖലീഫയെ പിന്തുടരുന്ന വലിയ മിഷണറിയായ ഉസാമഉമർജോയയുമായി ഒരു മുഖാമുഖ വെല്ലുവിളി ഞാൻ അവർക്കു നല്കുകയാണ്. മൗറിഷ്യസിലെ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിലെ എല്ലാവരും സന്നിഹിതരാകുന്ന ഒരു സദസ്സിൽ ഒരു മുഖാമുഖ ചർച്ചയ്ക്ക് ഞാൻ തയ്യാറാണ്. കാരണം അഹ്മദിയ്യാജമാഅത്തിലെ ബഹുഭൂരിഭാഗം ആളുകളും അവരുടെ നേതൃത്വം എന്താണ് പദ്ധതിയിടുന്നതെന്ന് അറിയാത്തവരാണ്. അഹ്മദിയ്യാജമാഅത്തിലെ എല്ലാവരും സത്യം അറിയട്ടെ! നിങ്ങൾ ഇഷ്ടപ്പെടുന്ന ഒരു സ്ഥലം നിശ്ചയിക്കു! ലോകത്തെ കുഴപ്പത്തിൽ ചാടിക്കുന്ന അനേകം കള്ളങ്ങൾ അവർ പടച്ചുവിടുകയാണ്. വിശിഷ്യാ ലോകഅഹ്മദികളെ തെറ്റായ നിലയിൽ, അവർ നേതൃത്വം ധരിപ്പിക്കുകയാണ്. അതായത് മൗറിഷ്യസിൽ ഒരു പ്രശ്നവുമില്ലെന്ന്! എന്നാൽ സത്യമെന്താണ്? അവർ യഥാർത്ഥത്തിൽ നിസ്സഹകരണം ഏർപ്പെടുത്തുന്നു. ഒരു പള്ളി അവർ അടച്ചു. (ദൈവീക ദൃഷ്ടാന്താരംഭത്തിൽ) വലിയ പെരുന്നാൾ ദിനത്തിൽ! സലാം പറയരുത് എന്നവർ അഹ്മിദകൾക്ക് നിർദ്ദേശവും നല്കി. കുടുംബകൂട്ടായ്മയ്ക്ക് ക്ഷണിക്കുകയുമരുത്! (രക്തബന്ധങ്ങൾ മുറിക്കുക) അങ്ങനെ എല്ലാകുറ്റകരമായ പദ്ധതികളും അവർ നടപ്പിലാക്കിയ അവർ എന്റെ ശമ്പളം പോലും നല്കിയില്ല! 10 വർഷത്തിൽ കൂടുതലായി ഞാൻ ഇപ്പോഴും അവരുടെ മുമ്പിലുണ്ട്. ഈ കാര്യത്തിൽ ഒരു തീരുമാനത്തിൽ എത്തിച്ചേരുവാൻ അവർക്ക് കഴിഞ്ഞില്ല. ഇന്നവർ കരുതുന്നു അവർ ഇരകളായി തീർന്നിരിക്കുന്നുവെന്നു! സത്യം ഇതാണ് അവർ! അവർ തന്നെയാണ് ഏറ്റവും വലിയ കുഴപ്പകാരികൾ!

അഹമദിയ്യജമാഅത്ത്, ഇന്റർനാഷണൽ തലത്തിൽ പണത്തിന്റെ പച്ചപ്പി ലാണ്. കാര്യം അങ്ങനെ ആണെങ്കിലും മയോട്ടിയിൽ അവർക്കു ഒരു തുണ്ടു ഭൂമി വാങ്ങാൻ കഴിഞ്ഞില്ല. അതിലൂടെ ഒരു സെന്റർ തുടങ്ങുവാനും ഒരു പള്ളിവെയ്ക്കു വാനും! അവർ അവർക്കാവശ്യമില്ലാത്ത കാര്യങ്ങളിൽ വിഹരിക്കുകയാണ്. ജമാഅ ത്ത്സ്സഹീഹിൽ ഇസ്ലാമിൽ കുഴപ്പങ്ങൾ സൃഷ്ടിക്കുവാനുള്ള തത്രപ്പാടിലും അന്വേ ഷണത്തിലുമാണവർ! അതെ ഞാൻ അവരോട് പറയുകയാണണ് വിപ്ലവത്തിന്റെ ഏജന്റുമാരായി നിങ്ങൾ വർത്തിച്ചുകൊള്ളു! അല്ലാഹു (ത) അവന്റെ ജോലിചെ യ്യുന്നതാണ്. മയോട്ടിയിൽ നിങ്ങൾ വളരെ കൂടുതൽ കുഴപ്പങ്ങൾക്ക് സാക്ഷ്യം വഹി ക്കേണ്ടിവരും. നിങ്ങളുടെ മേൽ കൂടുതൽ കുഴപ്പങ്ങൾ വന്നു ചേരും. നിങ്ങളുടെ മേൽതന്നെ അതുപതിക്കും. നിങ്ങൾ ഈകുഴപ്പങ്ങൾക്ക് വിരാമമിടുന്നില്ലെങ്കിൽ!

നിങ്ങൾ നിങ്ങളുടെ പണിചെയ്യുക. (വാഗ്ദത്തമസീഹ്(അ) ന്റെ സത്യ തയെ കുറിച്ച് ജനങ്ങൾക്ക് അറിവ് പകരുക) ശാന്തമായി! നിങ്ങൾ മയോട്ടിയിൽ പോയത് വാഗ്ദത്തമസീഹ് (അ)ന്റെ സത്യതയെകുറിച്ച് ജനങ്ങളെ അറിയിക്കു വാനും അംഗീകരിപ്പിക്കുവാനുമല്ലേ? നിങ്ങൾ ശാന്തരായി ആ പണി ചെയ്യുക. നിങ്ങൾ എന്തിനാണ് മറ്റുള്ളവർക്ക് കുഴപ്പം സൃഷ്ടിക്കുന്നത്? (ജമാഅത്തുസ്സഹീ ഹിൽ ഇസ്ലാമിന്)

ദുർവൃത്തരുടെ മേൽ അല്ലാഹുവിന്റെ ശാപം ഉണ്ടാകട്ടെ! അല്ലാഹു വിന്റെ മാർഗത്തിൽ നിന്ന് (ജനങ്ങളെ) തടയുകയും അതിനെ വക്രമായ തരത്തിൽ അന്വേഷിക്കുകയും ചെയ്യുന്നവരത്രെ അവർ. (അതോടൊപ്പം) അവർ പരലോക ജീവിതത്തെ നിഷേധിക്കുന്നവരുമാണ് (7: 45, 46)

ഇത് നിങ്ങൾക്കൊരുമുന്നറിയിപ്പാകുന്നു (അതായത് മയോട്ടിയിലെ അഹമദിയ്യാമിഷണറിയ്ക്കും അദ്ദേഹത്തെ സേവിക്കുകയും പിന്താങ്ങുകയും ചെയ്യുന്നവർക്കും) ഞാൻ നിങ്ങൾക്ക് മുന്നറിയിപ്പ് നല്കിയില്ലാ എന്ന് പറയാതിരി ക്കുവാനാണിത്. അല്ലാഹു (ത) അവൻ ചെയ്യേണ്ടത് അവൻ ചെയ്തുകൊള്ളും. അല്ലാഹുവിനെയും അവന്റെ ദൂതനെയും അവർ പരിഹസിക്കരുത്. അല്ലാഹു

വിന്റെ ക്രോധം അതികഠിനമാണ്. ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ന്റെ സത്യതയിൽ ബോധ്യം വന്ന മയോട്ടിയിലെ അഹ്മദികൾ, മാഷാഅല്ലാഹ്! അൽഹംദുലില്ലാഹ്! നിങ്ങൾ ജാഗ്രതയുള്ളവരായിരിക്കണം. നല്ല പ്രവർത്തികൾ നിങ്ങൾ ചെയ്യണം. വാഗ്ദത്തമസീഹ്(അ) ന്റെ യഥാർത്ഥ വിശ്വാസികളായിരിക്കണം നിങ്ങൾ! ഇൻശാഅല്ലാഹ്! നിങ്ങൾ അപ്രകാരം നിഷ്ക്കളങ്കരായവരാണെങ്കിൽ അല്ലാഹു (ത) നിങ്ങളുടെ ഹൃദയങ്ങൾക്ക് മാർഗദർശനം നല്കുന്നതാണ്. മെല്ലെ മെല്ലെ നിങ്ങൾക്ക് ഖലീഫത്തുല്ലാഹ് യേയും അംഗീകരിക്കുവാൻ സാധിക്കുന്നതാണ്. ഒരു ചെറിയ ചുവട്, മഹത്തായ ഒരു ഭാവിക്കു വേണ്ടി! ഇൻശാ അല്ലാഹ്!

മയോട്ടിയിലെ എന്റെ അനുചരന്മാരോട് ഞാൻ പറയുകയാണ്, നിങ്ങൾ വിഷമിക്കരുത്! നിങ്ങൾ ഭയപ്പെടരുത്, മുസ്ലിംകൾ എന്ന് സ്വയം പറയുന്നവരുടെ നിയമലംഘനങ്ങളെകുറിച്ച്! ഭീഷണികളെ കുറിച്ച്! നിങ്ങൾ സമാധാനപൂർവ്വം നിങ്ങളുടെ പ്രവർത്തികൾ തുടരുക. ഇൻശാഅല്ലാഹ്! അല്ലാഹു (ത)അവർ അവന്റെ ജോലിയ ചെയ്യുന്നതാണ്. നല്ല ഒരു സഹനം കൈകൊള്ളുക! നിങ്ങൾക്ക് ഏറ്റവും നല്ല പ്രതിഫലം ലഭിക്കുന്നതാണ്. ഇൻശാ അല്ലാഹ്! ആമീൻ

Translated & Issued By :
R. Jamaludin Raother
Amir - Jamaat Ul Sahih Al Islam
South Zone - Kerala, India
Ph : 9447001832, 0475-2252663
E-mail : jamal.raother@gmail.com
Web : www.jamaat-ul-sahih-al-islam.com
Blog : www.sahih-al-islam.blogspot.in